100051
10/8/15

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- നിർഭയ ഷെൽട്ടർ ഹോമുകളിലെ കുട്ടികളെ പരിശീലിപ്പിച്ച് "ഭാവ" എന്ന തെരുവ് നാടക ഗ്രൂപ്പ് ഉണ്ടാക്കുന്നതിനുള്ള പദ്ധതി - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

## സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ.(സാധാ)നം. 485/2015/സാനീവ** **തീയതി, തിരുവനന്തപുരം 01.08.2015**

---

പരാമർശം: 1) സാമൂഹ്യനീതി ഡയറക്ടറുടെ 20.06.2015 ലെ N/236/15 നമ്പർ കത്ത്.
2) 30.06.2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ച വരുന്ന നിരീക്ഷ എന്ന വനിതകളുടെ നാടക ഗ്രൂപ്പ് മഹിളാ സമഖ്യയുടെ കീഴിലുള്ള ഷെൽട്ടർ ഹോമുകളിലെ 25 കുട്ടികൾക്ക് നൃത്തം, സംഗീതം, നാടകം, കളരി, ഉപകരണ സംഗീതം എന്നിവയിൽ പരിശീലനം നൽകി "ഭാവ" എന്ന പേരിൽ ഒരു തെരുവ് നാടക ഗ്രൂപ്പ് ഉണ്ടാക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകണമെന്ന് പരാമർശം (1)ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ടി കുട്ടികളെ പ്രയോജനപ്പെടുത്തി നിരീക്ഷയുടെ സഹായത്തോടെ ഷെൽട്ടർ ഹോമിലെ മുഴുവൻ കുട്ടികളെയും പ്രസ്തുത പരിശീലന പരിപാടിയുടെ ഭാഗമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആയതിനാവശ്യമായ 7,25,000/- രൂപ നിർഭയ പദ്ധതിയുടെ ചെലവുകൾക്കായി 2015-16 സാമ്പത്തിക വർഷം 2235-02-103-74(പി) ശീർഷകത്തിൽ അനുവദിച്ച 2,00,00,000/- രൂപയിൽ നിന്നും കണ്ടെത്താവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) 30.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ച വരുന്ന നിരീക്ഷ എന്ന വനിതകളുടെ നാടക ഗ്രൂപ്പ് മഹിളാ സമഖ്യയുടെ കീഴിലുള്ള ഷെൽട്ടർ ഹോമുകളിലെ 25 കുട്ടികൾക്ക് നൃത്തം, സംഗീതം, നാടകം, കളരി, ഉപകരണ സംഗീതം എന്നിവയിൽ പരിശീലനം നൽകി "ഭാവ" എന്ന പേരിൽ ഒരു തെരുവ് നാടക ഗ്രൂപ്പ് ഉണ്ടാക്കുന്നതിനുള്ള സാമൂഹ്യനീതി ഡയറക്ടറുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയും ആയതിനാവശ്യമായ 7,25,000/- രൂപ(ഏഴ് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) നടപ്പ്

സാമ്പത്തിക വർഷത്തിലെ 2235-02-103-74(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എ. ഷാജഹാൻ,**

**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

സാമൂഹ്യനീതി (എ) വകുപ്പ്.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ